## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3229** **11.12.2014-ൽ മറുപടിക്ക്**

### കാലടിയിലെ ശ്രീശങ്കരാ പാലത്തിന് കേട്ടുപാടുകൾ

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | കാലടിയിലെ ശ്രീശങ്കരാ പാലത്തിന് കേട്ടുപാടുകൾ ഉണ്ടായതിനെ തുടർന്ന് 42 കോടി അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്ത സമാന്തര പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും അടിയന്തര നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിളിച്ച് ചേർത്ത യോഗത്തിന്റെ തീരുമാനങ്ങൾ വിശദമാക്കാമോ; | (എ) | ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24.09.2014-ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | അലൈൻമെന്റ് പുനർക്രമീകരിക്കുന്നതിനുള്ള സർവേ നടത്തുന്നതിനായി 1.85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിന്റെ സർവ്വേ നടപടികൾക്കായി തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുക അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | | |

Sd/-
സെക്ഷൻ ഓഫീസർ

 അനുബന്ധം

# കാലടിയിലെ പുതിയ പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.പൊതുമരാമത്ത് വകുപ്പ മന്ത്രി, ബഹു.എക്സൈസ് വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 24.09.2014 ൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം 3.00 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.

കാലടിയിലെ പഴയപാലത്തിന്റെ കേടുപാടുകൾ തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ബഹു.മുഖ്യമന്ത്രി ഉദ്യോഗസ്ഥരുടെ വിശദീകരണം ആരാഞ്ഞു. പണികൾ ധ്രുതഗതിയിൽ പുരോഗമിക്കുകയാണെന്നും അടുത്തമാസം 5-ാം തീയതിയോടെ പാലം ഗതാഗതത്തിനായി തുറന്നു കൊടുക്കാവുന്നതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു. ഈ പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിന് 2012 ൽ 42 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതാണെങ്കിലും അലൈൻമെന്റിൽ തർക്കങ്ങൾ നിലനില്ക്കുന്നതു കാരണം പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. കാലടിയിൽ പെരിയാറിനു കുറുകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പുതിയ പാലത്തിന്റെ അലൈൻമെന്റ് കാലടി ടൗണിനെ ബൈപ്പാസ് ചെയ്ത് മറ്റൂരിൽ നിന്നും നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള റോഡിൽ ചേരുവാൻ തക്കവണ്ണം അലൈൻമെന്റ് പുനർക്രമീകരിക്കാൻ തീരുമാനിച്ചു.

(നടപടി : ചീഫ് എഞ്ചിനീയർ ( R&B)

2. നിർദ്ദിഷ്ട പാലത്തിന്റേയും അപ്രോച്ച് റോഡിന്റേയും വിശദമായ സ്ഥലവില

ഉൾപ്പടെയുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിയ്ക്ക് വേണ്ടി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

(നടപടി : ചീഫ് എഞ്ചിനീയർ ( R&B)

3. നിർദ്ദിഷ്ട പാലം നിർമ്മാണത്തിനായി കാലടി ഭാഗത്തും, പെരുമ്പാവൂർ ഭാഗത്തും ആവശ്യമായ ഭൂമി ഡയറക്റ്റ് പർച്ചേസ് വഴി ഉടൻ ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭാ യോഗത്തിന്റെ അനുമതിയ്ക്കായി സമർപ്പിക്കേണ്ടതാണ്.

(നടപടി : ചീഫ് എഞ്ചിനീയർ ( R&B), ജില്ലാ കളക്ടർ, എറണാകുളം)

4. പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായാൽ ഭരണാനുമതി നൽകുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഡിസൈൻ ടെണ്ടർ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(നടപടി : ചീഫ് എഞ്ചിനീയർ ( R&B)

**<u>പെരുമ്പാവൂർ ബൈപ്പാസ്</u>**

പെരുമ്പാവൂർ ബൈപ്പാസ് നിർമ്മിക്കുന്നതിനായി പുതിയ DPR തയ്യാറാക്കി അടുത്ത വർഷത്തെ ബജറ്റിൽ പരിഗണിക്കുന്നതിലേയ്ക്കായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി.

(നടപടി : മാനേജിംഗ് ഡയറക്ടർ, KSCC)

യോഗം 3.30 ന് അവസാനിച്ചു.

സെക്ഷൻ ഓഫീസർ